Vol-1,N0:22
15-09-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. സ്വാശ്രയനിയമം മുണ്ടശേരിയുടെ നിമത്തിന്റെ തുടർച്ച: മാർ ജോസഫ് പവ്വത്തിൽ
02. മുംബൈയിൽ വൈദികന്റെ മരണം: ദുരൂഹതയെന്ന് ആരോപണം
03. കോളേജ് തെരഞ്ഞെടുപ്പിൽ രാഷ്ട്രീയം വേണ്ട: സുപ്രീംകോടതി
04. സ്കൂളുകൾ പഞ്ചായത്തുകളെ ഏൽപ്പിച്ച് പിന്മാറില്ല.
05. റോഡ് പണിക്ക് എത്ര ചെലവിട്ടു? റോഡ് നികുതി എത്ര പിരിച്ചു?
06. കൗമാരക്കാർ കടുത്ത മാനസിക സമ്മർദത്തിലെന്ന് സർവേ
07. രാജ്യാന്തര വിമാനത്താവളത്തിൽ അടിമപ്പണി
08. കേരളത്തിൽ ജീവനൊടുക്കുന്നത് കൂടുതലും വീട്ടമ്മമാർ

## 01. സ്വാശ്രയനിയമം മുണ്ടശേരിയുടെ നിയമത്തിന്റെ തുടർച്ച: മാർ ജോസഫ് പവ്വത്തിൽ

(Deepika 09-09-2007)

1957–ൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശേരി കൊണ്ടുവന്ന വിദ്യാഭ്യാസ നിയമത്തിന്റെ തുടർച്ചയായേ പുതിയ സ്വാശ്രയ നിയമത്തെ കാണാനാവൂ എന്ന് ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ മാർ ജോസഫ് പവ്വത്തിൽ. സർക്കാരിന്റെ ന്യൂനപക്ഷവിരുദ്ധ നടപടികളിൽ പ്രതിഷേധിച്ച് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംഘടിപ്പിച്ച പ്രതിക്ഷേധ റാലിയോടുനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുണ്ടശേരിയുടെ നിയമത്തിൽ വിദ്യാഭ്യാസത്തെ ദേശസാത്കരിക്കാൻ നീക്കമുണ്ടായതിനാലാണ് അതിനെതിരെ പ്രക്ഷോഭമുണ്ടായത്. ആ നിയമത്തിന്റെ തുടർച്ചയാണ് പുതിയ സ്വാശ്രയ നിയമം. പുതിയ നിയമം കൊണ്ടുവന്നത് മതസ്ഥാപനങ്ങളെ വരുതിയിലാക്കുന്നതിനും അതിലൂടെ സർക്കാരിനും മറ്റും രംഗത്തേക്കു കടന്നുകയറുന്നതിനുമാണെന്ന് മാർ പവ്വത്തിൽ പറഞ്ഞു. വിദ്യാഭ്യാസ സമിതികളിലും സർവകലാശാല സമിതികളും പാർട്ടിക്കാരെ തിരുകിക്കയറ്റുകയാണ്. എല്ലാം പാർട്ടിയുടെ ചട്ടക്കൂടിനുള്ളിലാക്കി, വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും മാറ്റി ജനാധിപത്യത്തെ തന്നെ അപകടത്തിലാക്കാനുള്ള ശ്രമം നടക്കുന്നതു ക്രൈസ്തവർ തിരിച്ചറിയണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാരിന്റെ ആധിപത്യം ഇല്ലാതാക്കണം. വിദ്യാഭ്യാസ സ്വാതന്ത്ര്യമെന്നത് ജനാധിപത്യത്തിന്റെ ഭാഗമാണ്. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്നത് മൗലികാവകാശങ്ങൾ നിഷേധിക്കുന്നതിനു തുല്യമാണ്. സർക്കാരിന്റെ ജനാധിപത്യ വിരുദ്ധമായ ഇത്തരം നടപടികൾക്കെതിരേ ക്രൈസ്തവ സമൂഹം ദീർഘനാളത്തെ സഹനസമരത്തിനു തയ്യാറാകണമെന്ന് മാർ പവ്വത്തിൽ ഉദ്ബോധിപ്പിച്ചു. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. മനുഷ്യനിൽ മൃഗീയത വളർത്തുന്ന ചില ഭൗതികസാഹചര്യങ്ങൾ നമ്മുടെ ചുറ്റുപാടും വളർന്നു വരുന്നതായി സംശയിക്കേണ്ടിയിരിക്കുന്നെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സ്വാശ്രയ വിദ്യാഭ്യാസ പ്രശ്നത്തിൽ 65 ഓളം കേസുകളിൽ പരാജയപ്പെട്ടിട്ടും വീണ്ടും പുതിയ ഉത്തരവുകൾ കൊണ്ടുവരാനാണ് സർക്കാർ ശ്രമിച്ചതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

## 02. മുംബൈയിൽ വൈദികന്റെ മരണം: ദുരൂഹതയെന്ന് ആരോപണം

(Malayala Manorama 10-09-2007)

കൊച്ചുകാമാക്ഷി സ്നേഹഗിരി ഇടവക വികാരി ആയിരുന്ന ഫാ. തോമസ് തോണക്കര മരിച്ചിട്ട് 12 ദിവസങ്ങൾ കഴിഞ്ഞപ്പോഴും ദുരൂഹത ബാക്കി. വിദേശത്തു ജോലി ശരിയാക്കുന്ന സ്ഥാപനവുമായി ചർച്ചകൾക്കുപോയ ഫാ. തോമസിനെ മരിച്ചനിലയിൽ കണ്ടെത്തിയെന്നാണു ദുരൂഹത വർധിപ്പിക്കുന്നത്. കഴിഞ്ഞ

25നു പുലർച്ചെ മുംബൈ ബോറിവ്‌ലിക്ക് സമീപം റയിൽവേ പാളത്തിലാണു ഫാ. തോമസ് തോണക്കരയെ മരിച്ച നിലയിൽ കണ്ടെത്തിയത്. മരിക്കുന്നതിന് നാലു ദിവസം മുമ്പാണ് ഫാ. തോണക്കര മുബൈയ്ക്ക് പോയത്. സ്വാകാര്യ ആവശ്യത്തിനായി ഏതാനും ദിവസത്തേക്കു പോകുന്നുവെന്നും പള്ളിയിലെ കാര്യങ്ങൾ നോക്കുന്നതിനായി പകരം ആളെ ചുമതലപ്പെടുത്തണമെന്നും രൂപതാ അധികാരികളെ അദ്ദേഹം അറിയിച്ചിരുന്നു. മുംബൈ ആസ്ഥാനമായുള്ള റിക്രൂട്ടിങ് ഏജൻസി വഴി കൊച്ചുകാമാക്ഷി ഇടവകയിലും മറ്റു സ്ഥലങ്ങളിലും നിന്നായി ഏതാനും പേർക്കു വിദേശത്തു ജോലിക്കായി ഫാ. തോണക്കര ശ്രമിച്ചിരുന്നു. ഇതു സംബന്ധിച്ച ചില്ലറ പ്രശ്നങ്ങളും ഉടലെടുത്തിരുന്നുവത്രേ. പണം നൽകിയവർക്കു ജോലി ലഭിക്കാതെവന്നതും ജോലി ലഭിച്ചവർക്കു പ്രതീക്ഷയ്ക്കൊത്തുള്ളതു ലഭിക്കാഞ്ഞതും അഭിപ്രായവ്യത്യാസത്തിന് ഇടനൽകിയിരുന്നു. ഫാ. തോണക്കരയെ ഇടനിലക്കാരനാക്കി ഉദ്യോഗാർഥികൾക്കു ജോലി വാഗ്ദാനം ചെയ്തിരുന്നത് മുംബൈ ആസ്ഥാനമായുള്ള റിക്രൂട്ടിങ് എജൻസിയാണ്. കല്യാൺ രൂപതയിലെ ഒരു പള്ളിയിൽ കുർബാനയിൽ പങ്കെടുത്തു പുറത്തിറക്കിയശേഷം എന്തു സംഭവിച്ചു എന്ന് ആർക്കും അറിവുണ്ടായിരുന്നില്ല. പിന്നീടാണു മരിച്ച നിലയിൽ കണ്ടെത്തിയത്. ഇടവകയിലും പരിസരത്തും പല ജീവകാരുണ്യ പ്രവർത്തനങ്ങളും ഇദ്ദേഹം നടത്തിയിരുന്നു. ശുദ്ധജല ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ വെള്ളമെത്തിച്ചു കൊടുക്കുക, നിർധന കുടംബങ്ങൾക്ക് അരി വിതരണം ചെയ്യുക, കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഇദ്ദേഹം നാട്ടുകാർക്കു പ്രിയങ്കരനായിരുന്നു.

03. **കോളേജ് തെരഞ്ഞെടുപ്പിൽ രാഷ്ട്രീയം വേണ്ട: സുപ്രീംകോടതി** (Deepika 08-09-2007)

കോളേജ് യൂണിയനുകൾ പൂർണമായും രാഷ്ട്രീയ മുക്തമാക്കണമെന്ന് സുപ്രീം കോടതി നിരീക്ഷണം വീണ്ടും. രാഷ്ട്രീയ താത്പര്യങ്ങളില്ലാത്ത മാതൃക വിദ്യാർത്ഥികളാകണം കോളേജ് യൂണിയനുകളെ നയിക്കേണ്ടതെന്നും പരമോന്നത കോടതി ചൂണ്ടിക്കാട്ടി. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിലെ പെരുമാറ്റചട്ടങ്ങൾ നിർദേശിച്ച ജെ. എം ലിംഗ്ദോ കമ്മിറ്റി റിപ്പോർട്ടും കാമ്പസുകളിലെ റാംഗിംഗ് തടയാനുള്ള രാഘവൻ കമ്മിറ്റി റിപ്പോർട്ടും നടപ്പാക്കുന്നതിന്റെ പുരോഗതി അറിയിക്കാൻ ജസ്റ്റിസുമാരായ അരിജിത് പസായതും പി. സദാശിവനും കേന്ദ്രസർക്കാരിന് നിർദേശം നൽകി. ഈ രണ്ടു സമിതികളുടെയും ശിപാർശകൾ എത്രയും വേഗം നടപ്പാക്കാൻ കോടതി നേരത്തേ സർക്കാരിനോട് നിർദേശിച്ചിരുന്നു. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് അടക്കം കാമ്പസുകളുമായി ബന്ധപ്പെട്ട ഇത്തരം കൂടുതൽ ഹർജികൾ സുപ്രീം കോടതി ഇനി നേരിട്ട് സ്വീകരിക്കില്ലെന്ന് ഡിവിഷൻ ബഞ്ച് വ്യക്തമാക്കി. അഡീഷണൽ സോളിസിറ്റർ ജനറൽ ഗോപാൽ സുബ്രഹ്മണ്യത്തിന്റെ തീർപ്പിനു വിധേയമായി മാത്രമാകും ഇതു സംബന്ധിച്ച കൂടുതൽ ഹർജികൾ മേലിൽ പരിഗണിക്കുക. കേസുകൾ ഇനി ഒക്ടോബർ 29-ന് വാദം കേൾക്കാനായി മാറ്റിവച്ചു. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകളിൽ രാഷ്ട്രീയ ഇടപെടലുകൾ പൂർണ്ണമായും ഒഴിവാക്കണമെന്ന് ലിംഗ്ദോ കമ്മിറ്റിയുടെ ശിപാർശ സുപ്രീം കോടതി നേരത്തെ അംഗീകരിച്ചിരുന്നു. രാഷ്ട്രീയ പാർട്ടികളെയും ഗുണ്ടാശൈലിയും പ്രോത്സാഹിപ്പിക്കാനുളതല്ല കോളേജ് കാമ്പസുകൾ. സംഘടനാ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പുകൾ നടത്താമെങ്കിലും ഇവ രാഷട്രീയ മുക്തമായിരിക്കണമെന്ന് ലിംഗ്ദോ നിർദേശിച്ചത്.

04. **സ്കുളുകൾ പഞ്ചായത്തുകളെ ഏൽപ്പിച്ച് പിന്മാറില്ല.** (Deshabhimani 06-09-2007)

സ്കൂളുകൾ പഞ്ചായത്തുകളെ ഏൽപ്പിച്ച് സർക്കാർ പിന്മാറുകയാണെന്ന പ്രചാരണം അടിസ്ഥാന രഹിതമാണെന്ന് മുഖ്യമന്ത്രി വി. എസ് അച്യൂതാനന്ദൻ പറഞ്ഞു. സംസ്ഥാനതല അധ്യാപകദിനാഘോഷം തിരുവന്തപുരം ഗവ.മോഡൽ ബോയ്സ് ഹയർസെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കെട്ടിടനിർമ്മാണം; പാചകം തുടങ്ങി അടിസ്ഥാന സൗകര്യ വികസനം മാത്രമാണ് പഞ്ചായത്തുകളെ ഏൽപ്പിച്ചത്. അധ്യാപക നിയമനം, പാഠ്യപദ്ധതി തുടങ്ങിയവ സർക്കാർ തന്നെയാണ് ചെയ്യുന്നത്. പൊതുവിദ്യാഭ്യാസത്തിന്റെ അടിത്തറ തേയുകയാണ്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി ബഹുരാഷ്ട്ര കുത്തകകൾ സ്വന്തം പാഠ്യപദ്ധതിയും പഠനരീതിയും വിദ്യാർത്ഥികളിൽ അടിച്ചേൽപിക്കുന്നതിനെതിരെ ജാഗ്രത പാലിക്കണം. പ്രൈമറി വിദ്യാഭ്യാസരംഗത്തും ഈ മാറ്റം വന്നിട്ടുണ്ടെന്നും അധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് ഇതിന്റെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു. അടുത്തവർഷം മുതൽ ഹയർ സെക്കൻഡറി, വി. എസ്. എസ്. സി അധ്യാപകരെയും ആദരിക്കുമെന്ന് പരിപാടിയിൽ അധ്യക്ഷനായിരുന്ന വിദ്യാഭ്യാസമന്ത്രി എം. എ ബേബി പറഞ്ഞു.

05. **റോഡ് പണിക്ക് എത്ര ചെലവിട്ടു? റോഡ് നികുതി എത്ര പിരിച്ചു?** (Malayala Manorama 10-09-2007)

റോഡ് നികുതി, വാഹന രജിസ്ട്രേഷൻ ഇനത്തിൽ സർക്കാർ പിരിച്ചെടുത്ത തുകയുടെയും റോഡുപണിക്ക് ചെലവാക്കുന്ന തുകയുടെയും വിശദാംശങ്ങൾ സർക്കാർ ഹാജരാക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. മുൻ വാഗ്ദാനമനുസരിച്ച് 31നകം അറ്റകുറ്റപണി പൂർത്തിയാക്കിയോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും സർക്കാർ വിശദീകരിക്കണം. ഇതോടൊപ്പം റോഡ് അറ്റകുറ്റപണിയുടെ പുരോഗതി റിപ്പോർട്ടും കഴിഞ്ഞ മൂന്നു വർഷം റോഡു പണിക്കു നീക്കി വച്ച തുകയുടെ വിശദാംശവും ഹാജരാക്കാനും കോടതി നിർദ്ദേശിച്ചിട്ടുണ്ട്. റോഡുനിയമങ്ങളുടെ ബലത്തിൽ സർക്കാർ പിരിച്ചെടുക്കുന്ന തുക എത്രയെന്നു വ്യക്തമാക്കി സത്യവാങ്മൂലം സമർപ്പിക്കാനാണ് ജസ്റ്റിസ് കെ. എം. ജോസഫിന്റെ ഉത്തരവ്. റോഡ് സുരക്ഷ നിയമങ്ങളുടെ പേരിൽ എത്ര തുക പിരിച്ചെടുക്കുന്നു? മറ്റു റോഡു നിയമങ്ങൾ നടപ്പിലാക്കുന്നതിലൂടെ പ്രതിവർഷം സർക്കാരിന് എന്തു വരുമാനമുണ്ട്? കഴിഞ്ഞ രണ്ടുവർഷം റോഡ്പണിക്ക് എന്തു ചെലവഴിച്ചു? ഈ വർഷം ഈയിനത്തിൽ എത്ര തുക മാറ്റിവച്ചു? എന്നിവയുടെ ഉത്തരങ്ങളടങ്ങിയ സത്യവാങ്മൂലം അടുത്തയാഴ്ച ഹാജരാക്കാനാണു നിർദ്ദേശം. ഇതിനിടെ, റോഡ് മെയിന്റനൻസ് ചാർട്ട് ഹാജരാക്കാൻ കോടതി സർക്കാരിന് ഒരാഴ്ച സമയം അനുവദിച്ചു. കൊച്ചി നഗരത്തിലെ മൂന്നു പ്രധാന റോഡുകളുടെ റജിസ്റ്റർ നേരത്തെ പരിശോധിച്ചപ്പോൾ തന്നെ ഉദ്യോഗസ്ഥർ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തില്ലെന്നു കോടതിക്കു ബോധ്യമായിരിക്കുന്നു. തുടർന്നാണു കൂടുതൽ രേഖകൾ ആവശ്യപ്പെട്ടത്. ട്രാവൽ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ഓഫ് കേരള പ്രസിഡന്റ് സി. പി അജിത്കുമാർ അഡ്വ. ജെയ്ജു ബാബു മുഖേന സമർപ്പിച്ച ഹർജിയാണു കോടതി പരിഗണിക്കുന്നത്. കരാർ കുടിശിക മുൻഗണനാടിസ്ഥാനത്തിൽ നൽകണമെന്നാവശ്യപ്പെട്ട് ഗവർണമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ കേസിൽ കക്ഷി ചേർന്നിട്ടുണ്ട്. ആറായിരത്തോളം കരാരുകാരുടെ സഹകരണമില്ലാതെ റോഡു പണി പൂർത്തിയാക്കാനാവില്ലെന്നു വാദമുയർന്നപ്പോൾ സർക്കാരിനെ ഭീഷണിപ്പെടുത്തുന്ന നിലപാട് അനുചിതമാണെന്നായിരുന്നു കോടതിയുടെ മറുപടി. കേസ് ഇനി 13-നു പരിഗണിക്കും.

06. **കൗമാരക്കാർ കടുത്ത മാനസിക സമ്മർദത്തിലെന്ന് സർവേ** (Deshabhimani 09-09-2007)

വിദ്യാർത്ഥികളിൽ 65 ശതമാനം പേരും ഉണരുമ്പോൾ മുതൽ മാനസിക സമ്മർദത്തിൽ. പഠനഭാരം മൂലം തളർന്നുകിടന്നുറങ്ങുന്നവർ 46 ശതമാനം. മറ്റു കുട്ടികളുമായി മാതാപിതാക്കൾ താരതമ്യം ചെയ്യുന്നതു മൂലം 61 ശതമാനം പേരും അപമാനിതരാകുന്നു. 83 ശതമാനം പേരും ക്ലാസിൽ വച്ച് അധ്യാപകരോട് സംശയം ചോദിക്കാൻ പോലും മടിക്കുന്നു. തിരുവന്തപുരത്തെ ത്രാണി കൗൺസലിംഗ് സെന്റർ  എസ്. എസ്. എൽ. സി, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കിടയിൽ നടത്തിയ സർവേയിലാണ് ഈ വിവരങ്ങൾ വെളിപ്പെട്ടത്. 22 ശതമാനം പേർക്കു മാത്രമാണ് പ്രഭാത ഭക്ഷണം വീട്ടിൽവച്ചു കഴിക്കാൻ കഴിയുന്നത്. അധ്യാപകരോട് 17 ശതമാനം മാത്രമാണ് ക്ലാസ്സിൽ വച്ച് സംശയം ചോദിക്കുന്നത്. അധ്യാപകരെ ഭയപ്പെടുന്നതും സ്വന്തം അറിവിനെക്കുറിച്ചു പോലും വ്യക്തമായ ധാരണയില്ലാത്തതും ആത്മവിശ്വാസമില്ലായ്മയും ഒക്കെ കാരണമാകുന്നു. തിരുവനന്തപുരത്ത് നാലു സ്കൂളുകളിലായി 452 കുട്ടികളിലാണ് സർവേ നടത്തിയത്. ത്രാണി കോ-ഓർഡിനേറ്റർ മേരി ബെയ്സൽ തോമസ്, ഡോ. വി. മുകുന്ദ ദാസ്, ബിനു തോമസ് എന്നിവർ വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു.

07. **രാജ്യാന്തര വിമാനത്താവളത്തിൽ അടിമപ്പണി** (Madhyamam 08-09-2007)

കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ കരാർ തൊഴിലിന്റെ മറവിൽ അടിമപ്പണി. എയർ ഇന്ത്യയുടെ സഭ കരാർ ഏറ്റെടുത്ത സംസ്ഥാനത്തിന് പുറത്തുളള ഏജൻസിയാണ് തൊഴിൽ നിയമങ്ങൾ നോക്കുകുത്തിയാക്കി അടിമപ്പണി ചെയ്യിക്കുന്നത്. ഇതിനെതിരെ ശബ്ദിക്കുന്നവർക്ക് തൊഴിൽ നിഷേധിക്കുകയും ചെയ്യുന്നു. എയർ ഇന്ത്യയുടെ ജീവനക്കാർക്കൊപ്പം സഹായികളായും മറ്റും ജോലി ചെയ്യുന്ന ഇവർക്ക് 89 ദിവസത്തേയ്ക്ക് മാത്രമാണ് തൊഴിൽ അവകാശം. അതുകഴിഞ്ഞും തൊഴിലിൽ വീണ്ടും 89 കൂടി തുടരണമെങ്കിൽ വായടക്കിയേ പറ്റൂ. 210-ഓളം ജീവനക്കാരിൽ 45-ഓളം സ്ത്രീകളുണ്ട്. അടുത്തിടെ ഡ്യൂട്ടി സമയത്ത് ബാത്ത് റൂമിനകത്ത് പോയ ജീവനക്കാരിയുടെ ശമ്പളം വെട്ടിക്കുറച്ച സംഭവം വരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശമ്പളബിൽ നൽകുന്നില്ല. ശാരീരിക വിഷമതയുണ്ടായാലും വർക്ക് അറേഞ്ച്മെന്റിന്റെ പേരിൽ 12 മണിക്കൂർ വരെ പലപ്പോഴും

ജോലി ചെയ്യിക്കുന്നതും പതിവ്. ഒരേ ജോലി ചെയ്യുന്ന പലർക്കും പല തരത്തിലാണ് ശമ്പളവ്യവസ്ഥ. ഇതെല്ലാമായിട്ടും യൂണിയൻ നേതാക്കളും ചെറുവിരലനക്കാത്തതാണ് തൊഴിലാളികളെ ഏറെ വിഷമിപ്പിക്കുന്നത്. എയർ ഇന്ത്യയുടെ കരാർ അവസാനിപ്പിക്കുമ്പോൾ വിമാനത്താവള കമ്പനിയിൽ ഇവരെ സ്ഥിരപ്പെടുത്താൻ സാധ്യതയുണ്ടെന്ന പ്രതീക്ഷ നൽകിയാണ് യൂണിയൻ നേതാക്കൾ ഏജൻസിയുടെ ചൂഷണത്തിനൊപ്പം തൊഴിലാളികളെ ബലിയാടാക്കുന്നത്. കഴിഞ്ഞ ദിവസം സഹികെട്ട തൊഴിലാളികളിൽ ചിലർ ഒന്നരമണിക്കൂർ പണി മുടക്കുകയും ചെയ്തു. തൊഴിലാളികൾക്ക് പരാതിയുണ്ടെങ്കിൽ പത്രങ്ങളോടല്ല പറയേണ്ടതെന്നും രേഖാമൂലം അറിയിക്കുകയാണ് വേണ്ടതെന്നുമാണ് ഏജൻസി വക്താവിന്റെ പ്രതികരണം. ശമ്പളവും മറ്റും തൃപതികരമല്ലാത്തവർ പിറ്റേന്നു മുതൽ ജോലിക്ക് ഹാജരാകേണ്ടതില്ലെന്നും ഇദ്ദേഹം പറഞ്ഞു.

08. **കേരളത്തിൽ ജീവനൊടുക്കുന്നത് കൂടുതലും വീട്ടമ്മമാർ** (Deshabhimani 10-09-2007)

സാമൂഹ്യമാറ്റത്തിൽ ലോകശ്രദ്ധ പിടിച്ചുപറ്റിയ കേരളം ആത്മഹത്യയുടെ കാര്യത്തിൽ ലോകശരാശരിയെ ബഹുദൂരം പിന്നിലാക്കുന്നു. കഴിഞ്ഞ പത്തു വർഷത്തിനകം കേരളത്തിൽ ഒരു ലക്ഷത്തോളം പേർ ആത്മഹത്യ ചെയ്തതായി ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. 2006-ൽ 9,026 പേർ സ്വയം ജീവനൊടുക്കി. ആത്മഹത്യാനിരക്ക് ലക്ഷം ജനങ്ങളിൽ 27.8. ഇന്ത്യയിൽ ഇത് 11.5ഉം ലോകത്തിൽ 14 ഉം ആണ്. തൊഴിൽപരമായി വേർതിരിച്ചാൽ കേരളത്തിൽ ആത്മഹത്യചെയ്യുന്നവരിൽ കൂടുതലും വീട്ടമ്മമാരാണെന്നാണ് അടുത്ത കാലത്തെ സവിശേഷത. കേരളം ആത്മഹത്യയുടെ മുനമ്പായി തുടരുന്നതിനിടയിലാണ് സെപ്റ്റംബർ പത്തിന് വീണ്ടും ലോക ആത്മഹത്യാ പ്രതിരോധ ദിനം ആചരിക്കുന്നത്. കേരളത്തിൽ അഞ്ചുവർഷത്തോളമായി ആത്മഹത്യാനിരക്ക് കുറഞ്ഞുവരുന്നതായി കാണുന്നുണ്ടെങ്കിലും ഇന്ത്യയിൽ ഒന്നാം സ്ഥാനമെന്ന നിലയ്ക്ക് മാറ്റമില്ല. 2003-ൽ ലക്ഷത്തിന് 30.8, 2004-ൽ 29.6, 2005-ൽ 28.5, 2006-ൽ 27.3 എന്നിങ്ങനെയാണ് ആത്മഹത്യാനിരക്ക്. വയനാട് ജില്ലയിൽ കഴിഞ്ഞവർഷം 40.2 ആണ്. കഴിഞ്ഞവർഷം ആത്മഹത്യ ചെയ്തവരിൽ 15 ശതമാനം വീട്ടമ്മമാരാണ്. തൊഴിലില്ലായ്മമൂലം 13.5 ശതമാനം പേർ ജീവനൊടുക്കിയപ്പോൾ കർഷക ആത്മഹത്യ 12.5 ശതമാനമാണ്. മാനസീകരോഗങ്ങൾ മൂലം 18 ശതമാനം പേരാണ് മരിച്ചത്. കൂടുതൽ ആത്മഹത്യക്കാർ പുരുഷന്മാർ തന്നെ. ഇക്കാര്യത്തിൽ പുരുഷനും സ്ത്രീയും തമ്മിലുള്ള അനുപാതം 2:1 ആണ്. 30 ശതമാനം ആത്മഹത്യകളും കുടുംബപ്രശ്നമൂലമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആത്മഹത്യാനിരക്കിൽ കുറവുണ്ടെങ്കിലും അടുത്തകാലത്തായി കുടുംബ-കൂട്ട ആത്മഹത്യകളുടെ എണ്ണം കൂടുന്നു എന്നതാണ് കേരളം നേരിടുന്ന മറ്റൊരു വെല്ലുവിളി. 2006-ൽ 27 കുടുംബങ്ങളാണ് കൂട്ട ആത്മഹത്യ ചെയ്തത്. 80 പേർക്കാണ് ഇതുവഴി ജീവൻ നഷ്ടപ്പെട്ടത്. വിദേശരാജ്യങ്ങളിൽ ആത്മഹത്യ ചെയ്യുന്നത് കൂടുതലും അവിവാഹിതരും വിധവകളും വിവാഹമോചനം നേടിയവരുമാണെന്നിരിക്കെ, കേരളത്തിൽ ആത്മഹത്യ ചെയ്യുന്നവരിൽ 77 ശതമാനം വിവാഹിതരാണ്. സ്കൂളുകളിൽ ഗ്രേഡിങ് സമ്പ്രദായം ആരംഭിച്ച ശേഷം പരീക്ഷാഫലത്തിനുശേഷമുള്ള വിദ്യാർത്ഥികളുടെ ആത്മഹത്യ കുറഞ്ഞിട്ടുണ്ട്. കഴിഞ്ഞവർഷം ഇത് 0.7 ശതമാനം മാത്രമാണ്. 60 ശതമാനം പേരും തൂങ്ങിമരണമാണ് അവലംബിക്കുന്നത്. ആത്മഹത്യ സമൂഹത്തിന് ഭീഷണിയായി വളരുമ്പോൾ അതിനെ പ്രതിരോധിക്കാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് വലിയ ഫലമുണ്ടന്ന് ഈ രംഗത്തു പ്രവർത്തിക്കുന്നവർ ചൂണ്ടിക്കാട്ടുന്നു. ആഗോളതലത്തിൽ ആത്മഹത്യാ പ്രതിരോധരംഗത്ത് പ്രവർത്തിക്കുന്ന ഏറ്റവും ശക്തമായ പ്രസ്ഥാനം 60 വർഷം മുമ്പ് ലണ്ടനിൽ ആരംഭിച്ച ബി ഫ്രണ്ടേഴ്സ് ഇന്റർനാഷണലാണ്. ആ പാത പിന്തുടരുന്ന 15 കേന്ദ്രങ്ങൾ ഇന്ത്യയിലുണ്ട്. കേരളത്തിൽ നാലു സംഘടനകൾ സജീവമാണ്. കഴിഞ്ഞ ഒമ്പതുവർഷമായി തൃശൂരിൽ പ്രവർത്തിക്കുന്ന മൈത്രിയുടെ സൗജന്യസേവനം ഇതിനകം നേരിട്ടും അല്ലാതെയുമായി പതിനായിരം പേർ പ്രയോജനപ്പെടുത്തിയതായി ഡയറക്ടർ കൊച്ചമ്മണി ഇട്ട്യേച്ചൻ പറഞ്ഞു. ആത്മഹത്യ പെരുകുന്ന കേരളത്തിന്റെ പ്രത്യേക സാമൂഹ്യാവസ്ഥ കണക്കിലെടുത്ത് ആത്മഹത്യാ പ്രതിരോധപദ്ധതി സർക്കാർതലത്തിൽ ആവിഷ്കരിക്കണമെന്ന് കോഴിക്കോട് ആസ്ഥാനമായുള്ള സന്നദ്ധസംഘടനയായ തണൽ ഭാരവാഹി ഡോ. പി. എൻ സുരേഷ്കുമാർ പറഞ്ഞു.